**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 550** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, **പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള** നടപടികൾ സർക്കാർ തുടർന്ന് വരികയാണ്. വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രധാനമായും, മൈനിംഗ് & ജിയോളജി, GST, രജിസ്ട്രേഷൻ, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഇനങ്ങളിൽ നിരക്ക് വർദ്ധനവ് നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം **47660.84 കോടി** രൂപയും, തനത് നികുതിയേതര വരുമാനം **7327.31 കോടി** രൂപയുമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം, 2023-24 വർഷത്തെ തനത് നികുതി വരുമാനം **74258.34 കോടി** രൂപയും തനത് നികുതിയേതര വരുമാനം **16318.87 കോടി** രൂപയുമാണ്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ **35589.06 കോടി** രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. **വരും വർഷങ്ങളിൽ തനത് നികുതി-നികുതിയേതര ഇനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | ഇക്കാലയളവിൽ നികുതിയേതര വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം **7327.31 കോടി** രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം, 2023- |

| | | | |
|---|---|---|---|
| | | | 24 സാമ്പത്തിക വർഷം ഈ ഇനത്തിൽ **16318.87 കോടി** രൂപ ലഭിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിൽ **8991.56 കോടി** രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മൈനിംഗ് & ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട നികുതിയേതര ഇനങ്ങളിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങളിലൂടെ ഈ വകുപ്പിലെ റവന്യൂ വരുമാനം 2022-23-ൽ **340.99 കോടി** രൂപയായിരുന്നത്, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം, 2023-24-ൽ **555.25 കോടി** രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ പൂർണ്ണമായും സംസ്ഥാനത്തിന് ലഭ്യമാകാത്ത തരത്തിൽ അർഹമായ ഗ്രാന്റുകൾ നിഷേധിച്ചും നികുതി വിഹിതവും കടമെടുപ്പ് പരിധിയും വെട്ടിക്കുറച്ചുമുള്ള കേന്ദ്ര സർക്കാർ വിവേചനത്തിനെതിരെ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദീകരിക്കാമോ? | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി **O.S 1/2024 <u>State of Kerala</u> vs. <u>Union of India</u>** പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.<br><br>ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുമായി, വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും തലങ്ങളിൽ നിരന്തരമായി ആശയവിനിമയവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ